**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2302** **21-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതുകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു ; ഏതെല്ലാം ഏജൻസികളിൽ നിന്നുമാണ് വായ്പ എടുത്തിട്ടുള്ളത്; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തിന്റെ പൊതുകടം ചുവടെ പറയും പ്രകാരമാണ്. വർഷം പൊതുകടം (തുക കോടിയിൽ) 2016 മാർച്ച് 31 109730.97 2017 മാർച്ച് 31 125882.85 2018 മാർച്ച് 31 142984.53 2019 മാർച്ച് 31 158234.45 2020 മാർച്ച് 31 174640.21 കടപത്രം വഴി പൊതു വിപണിയിൽ നിന്നും നബാർഡ്, National Small Savings Fund എന്നിവയിൽ നിന്നും World Bank, Asian Development Bank, IDA മുതലായ വിദേശ എജൻസികളിൽ നിന്നുമാണ് പ്രധാനമായും വായ്പ എടുത്തിട്ടുള്ളത്. |
| (ബി) | പൊതുകടം അടച്ചു തീർക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; അതുവഴി കടം കുറച്ചു കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ; | (ബി) | പൊതുകടയിനത്തിൽ ഓരോ വർഷവും തിരിച്ചടക്കേണ്ട തുക കഴിച്ചുള്ള വായ്പമാത്രമേ സംസ്ഥാനത്തിന് വായ്പ പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ട് സമാഹരിക്കുവാൻ കഴിയുകയുള്ളൂ. 2016-17 ൽ GSDP യുടെ 29.37 ശതമാനമായിരുന്ന കടബാധ്യത 2019-20 ൽ 30.46 ശതമാനമായി നിറുത്തുവാൻ സാധിച്ചിട്ടുണ്ട്. കടമെടുത്തതുക പൂർണ്ണമായും ആസ്തി വികസനപ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കുക യാണ് വേണ്ടത്. റവന്യൂകമ്മി ഇല്ലാതായാലെ ഇത് സാദ്ധ്യമാകൂ. റവന്യൂകമ്മി എല്ലാ പ്രയാസങ്ങളുടെയും ഇടയിലും കുറച്ചുകൊണ്ടു വരാനാണ് പരിശ്രമിക്കുന്നത്. മാത്രമല്ല Outstanding Debtന്റെ വളർച്ചാനിരക്ക് കുറഞ്ഞു വരികയാണ്. തനത് വരുമാനം കുറവായിട്ടുള്ള കേരളം പോലുള്ള സംസ്ഥാനത്തിന് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കടമെടുപ്പ് അത്യന്താ പേക്ഷിതമാണ്. അനുവദനീയമായ പരിധിയ്ക്കുള്ളിൽ നിന്നുള്ള കടമെടുപ്പിലൂടെ ആസ്തികൾ സൃഷ്ടിക്കുന്നത് സ്ഥായിയായ വികസനത്തിനും സമ്പദ്ഘടനയുടെ വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി |

| | | | |
|---|---|---|---|
| | | | ക്രമേണ ഇല്ലാതാക്കുക എന്ന സമീപനത്തിന് ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിച്ചു വരുന്നത് |
| (സി) | ഇപ്പോഴത്തെ പൊതുകടം എത്രയാണ് ; ഇത് മുൻസർക്കാരിന്റെ കാലത്തെ അപേക്ഷിച്ച് കൂടുതലാണോ ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്കുകൾ പ്രകാരം 30.11.2020 വരെ (01.04.2020 മുതൽ 30.11.2020 വരെയുള്ള താൽകാലിക കണക്കുകൾ ഉൾപ്പെടെ)സംസ്ഥാനത്തിന്റെ പൊതുകടം 190982.53 കോടി രൂപയാണ്. ഫിസ്കൽ റസ്പോൺസിബിലിറ്റി ആന്റ് ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP യുടെ 3% മായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നു കൊണ്ടാണ് കടമെടുക്കുന്നത്. 2011-12 മുതൽ 2019-20 വരെയുള്ള Debt/GSDP അനുപാതം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. വർഷം Debt/GSDP Ratio മുൻ സർക്കാരിന്റെ കാലയളവ് 2011-12 24.56 2012-13 25.12 2013-14 25.59 2014-15 26.42 2015-16 28.00 നിലവിലെ സർക്കാരിന്റെ കാലയളവ് 2016-17 29.37 2017-18 30.04 2018-19 29.82 2019-20 30.46 മേൽ കണക്കുകളിൽ നിന്നും മുൻ സർക്കാരിന്റെ കാലയളവിൽ Debt/GSDP അനുപാതം 24.56 ൽ നിന്നും 28 ശതമാനമായി വർദ്ധിക്കുകയുണ്ടായി. എന്നാൽ, ഈ സർക്കാരിന്റെ കാലയളവിൽ ഇത് 29.37 ശതമാനത്തിൽ നിന്ന് 30.46 ശതമാനമായി നിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടു പ്രളയങ്ങൾ, കോവിഡ് മഹാമാരി എന്നിവയെ നേരിടുന്നതിന് സ്വീകരിച്ച സമീപനങ്ങളുടെയും ഇതിനായി ചെലവഴിക്കപ്പെട്ട വിഭവങ്ങളുടെയും ധനസമാഹരണത്തിന്റെയും പശ്ചാത്തലത്തിൽ Debt/GSDP അനുപാതം ഈ വിധം നിയന്ത്രിക്കാനായത് വലിയ നേട്ടമാണ്. |
| (ഡി) | സംസ്ഥാനത്തിന്റെ പൊതുകടം കുറക്കാനും അമിത ചെലവ് നിയന്ത്രിക്കുവാനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) | പൊതുകടയിനത്തിൽ ഓരോ വർഷവും തിരിച്ചടക്കേണ്ട തുക കഴിച്ചുള്ള വായ്പമാത്രമേ സംസ്ഥാനത്തിന് വായ്പ പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ട് സമാഹരിക്കുവാൻ കഴിയുകയുള്ളൂ. 2016-17 ൽ GSDP യുടെ 29.37 ശതമാനമായിരുന്ന കടബാധ്യത 2019-20 ൽ 30.46 ശതമാനമായി നിറുത്തുവാൻ സാധിച്ചിട്ടുണ്ട്. കടമെടുത്തതുക പൂർണ്ണമായും ആസ്തി വികസനപ്രവർത്തനങ്ങൾക്കുള്ള |

| | | | |
|---|---|---|---|
| | | | നിക്ഷേപമാക്കുക യാണ് വേണ്ടത്. റവന്യൂകമ്മി ഇല്ലാതായാലെ ഇത് സാദ്ധ്യമാകൂ. റവന്യൂകമ്മി എല്ലാ പ്രയാസങ്ങളുടെയും ഇടയിലും കുറച്ചുകൊണ്ടു വരാനാണ് പരിശ്രമിക്കുന്നത്. മാത്രമല്ല Outstanding Debtന്റെ വളർച്ചാനിരക്ക് കുറഞ്ഞു വരികയാണ്. തനത് വരുമാനം കുറവായിട്ടുള്ള കേരളം പോലുള്ള സംസ്ഥാനത്തിന് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കടമെടുപ്പ് അത്യന്താപേക്ഷിതമാണ്. അനുവദനീയമായ പരിധിയ്ക്കുള്ളിൽ നിന്നുള്ള കടമെടുപ്പിലൂടെ ആസ്തികൾ സൃഷ്ടിക്കുന്നത് സ്ഥായിയായ വികസനത്തിനും സമ്പദ്ഘടനയുടെ വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനത്തിന് ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ